2345/2023



2/05/2023

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ കെടിഎം പി 8/415/2023

കേരള സംസ്ഥാന ഓഡിറ്റ് വകപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

FDAU01

തീയ്യതി: 31/03/2023

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞീഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

 

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഞീഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

നമ്പർ: കെ.എസ്.എ കെടിഎം പി 8/415/2023 തീയ്യതി: 31/03/2023

## കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-03-2023 | 15-03-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-03-2023 | 15-03-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സുമേഷ് പി വി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജ്യോതിലക്ഷ്മി ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജോഷി തോമസ്,ഓഡിറ്റർ

ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഷമ പി ആർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി മാത്യു | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അരുൺ കുമാർ പി എ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അലക്സ് തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി ബിജിമോൾ പി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.തുഷാര മാത്തുക്കുട്ടി | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ ദേവദാസ് പി കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി വീണ ടി വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.രാജി ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രദീഷ് കുമാർ സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ അരുൺകുമാർ എൻ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കാട്ടാമ്പാക്ക് | 01-04-2021 | 31-03-2022 |
| ശ്രീ ബിജുമോൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഞീഴൂർ | 01-04-2021 | 07-10-2021 |
| ശ്രീ മനോജ് മുകുന്ദൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഞീഴൂർ | 08-10-2021 | 14-02-2022 |
| ശ്രീ അരുൺകുമാർ എൻ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഞീഴൂർ | 15-02-2022 | 31-03-2022 |
| ശ്രീമതി അംബികാ ദേവി കെ കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ കൃഷ്ണകുമാർ എം എൻ | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണ എസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 27-12-2021 |
| ശ്രീമതി രശ്മി പി രാജൻ | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 28-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | കാഷ് വേരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ക്ലോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ ധനവിനിമയം നടക്കുന്നു. | 1-11 |
| 12 | റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ | 1-12 |
| 13 | വഴിയുടെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയില്ല. | 1-13 |
| 14 | പഠന മുറി-സഞ്ചയ ഡേറ്റാബേസിൽ മാറ്റം വരുത്തിയില്ല | 1-14 |
| 15 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 16 | ഡെഫേർഡ് സാലറിയിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയില്ല. | 1-16 |
| 17 | പി.എച്ച്.സി ലാബ് നിർമ്മാണം – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-17 |
| 18 | ജൈവ വൈവിധ്യ പാർക്ക്-അപാകതകൾ | 1-18 |
| 19 | ബഡ്സ് സ്കൂൾ നിർമ്മാണം - നാളിതുവരെ പൂർത്തിയായില്ല. | 1-19 |
| 20 | സാന്ത്വന പരിപാലന പദ്ധതി-അപാകതകൾ | 1-20 |
| 21 | വാക്കാട് കുടിവെള്ള പദ്ധതി- അപാകതകൾ. | 1-21 |
| 22 | വെള്ളം ലഭ്യമാകാതിരുന്ന പൈപ്പ് കണക്ഷനുകൾക്ക് 21532 രൂപ വാട്ടർ ചാർജ്ജ് ഒടുക്കി | 1-22 |
| 23 | എയറോബിക് കമ്പോസ്റ്റ്-ചെലവുരേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 24 | മെഡിക്കൽ ഓഫീസർ പി എച്ച് സി നടപ്പാക്കിയ പ്രോജക്ടുകൾ - ചെലവു വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-24 |
| 25 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 1-25 |
| 26 | വിവിധ അഡ്വാൻസുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-26 |
| 27 | ലൈഫ് ഭവന നിർമാണം പൂർത്തിയാക്കിയില്ല | 1-27 |
| 28 | അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-28 |
| 29 | വിവിധ പ്രോജക്ടുകൾ - വിനിയോഗ വിവരമില്ല. | 1-29 |
| 30 | ആർദ്രം പദ്ധതി -വിനയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-30 |
| 31 | ഫണ്ട് നിക്ഷേപം -വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-31 |
| 32 | സി.എഫ്.എൽ.റ്റി.സി - വരവ് ചെലവുകൾ | 1-32 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | സാന്ത്വന പരിപാലന പദ്ധതി-അപാകതകൾ | 3-1 |
| 2 | വാക്കാട് കുടിവെള്ള പദ്ധതി- അപാകതകൾ. | 3-2 |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18/02/2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 24/02/2022 ലെ 2/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി. ബജറ്റ്ചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 7489968 | 16496651 |
| വരവ് | 157031897 | 67041885 |
| ആകെ | 164521865 | 83538536 |
| ചെലവ് | 160992125 | 68108955 |
| നീക്കിയിരിപ്പ് | 3529740 | 15429581 |

ബജറ്റ് പ്രകാരം 157031897 രൂപയുടെ പ്രതീക്ഷിത വരവും 160992125 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 134576311 രൂപയും ചെലവ് 130804454 രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10.06.2022-ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 16496651/- രൂപയും തൻവർഷ വരവ് 67041885/- രൂപയും തൻവർഷ ചെലവ് 68108955/- രൂപയും വർഷാവസാന നീക്കിയിരിപ്പ് 15429581/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 13.46കോടി രൂപയും ആകെ ചെലവ് 13.08കോടി രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി ILGMS-ൽ അക്കൗണ്ട് ചെയ്തിട്ടില്ല.

3) B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) ലോൺ രജിസ്റ്റർ പ്രകാരമുള്ള ലോൺ തുകയുടെ നീക്കിയിരിപ്പ് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ 4-5 ൽ ചേർത്തിട്ടുണ്ട്.

5) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

6) B -9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7) B-18 ഷെഡ്യൂളിലെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

8) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമായി രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയുമായുള്ള കൃത്യത പരിശോധിക്കാനായില്ല.

9) RP40(b) പട്ടികയിൽ (നീക്കിയിരിപ്പ്) 450210101 ഹെഡ് പ്രകാരം 579153/- രൂപ അവശേഷിയ്ക്കുന്നു. (Nationalised Bank Account Of Own Revenue Fund). ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് അത്തരത്തിലുള്ള അക്കൗണ്ട് യഥാർത്ഥത്തിൽ നിലവിലില്ലാത്തതാണെന്നും ഐകെഎം മായി ബന്ധപ്പെട്ട് പരിശോധിക്കുന്നതാണെന്നും മറുപടി നൽകി.

10) ഡിപ്രീസിയേഷൻ, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് എന്നിവയുടെ വർക്കിംഗ് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

11) പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കാനറ ബാങ്ക് ( 6018101001581) അക്കൗണ്ടിന്റെ വാർഷിക ധനകാര്യപത്രിക RP40(b) പ്രകാരം നീക്കിയിരുപ്പ് 9679149 രൂപയും ലഭ്യമാക്കിയ റികൺസിലിയേഷൻ പത്രികയിലെ ബാങ്ക് ബുക്ക് പ്രകാരമുള്ള 31.3.2022 ലെ നീക്കിയിരുപ്പ് 9650239 രൂപയുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 31.3.22 ൽ റികൺസിലിയേഷൻ ചെയ്യുമ്പോൾ തുകയിൽ വ്യത്യാസമുണ്ടായിരുന്നില്ലെന്നും പിന്നീടാണ് വ്യത്യാസമുണ്ടായതെന്നും ഐഎൽജിഎംസിലുണ്ടായ ഈ തകരാർ പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചു.

12) തനത് ഫണ്ട് അക്കൗണ്ടായ കാനറ ബാങ്ക് ( 6018101001581) അക്കൗണ്ടിലെ 31.3.22 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 30.7.20 തീയതിയിൽ 800 രൂപ Cheque Issued But Not Presented Into Bank എന്ന് നിലവിലും ചേർത്തിട്ടുള്ളതായി കാണുന്നു. തുക സ്റ്റെയിൽ ചെക്കിലേക്ക് മാറ്റിയിട്ടില്ല.

13) തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് കണക്കുകൾ വാർഷിക ധനകാര്യ പത്രിയുമായി പൊരുത്തപ്പെടുന്നില്ല

14) റിഡംപ്കഷൻ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16496651 |
| ഓഡിറ്റ് വർഷത്തെ വരവ് | 67041885 |
| ആകെ | 83538536 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68108955 |
| നീക്കിയിരിപ്പ് | 15429581 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 106705 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4695211 |

## 1-4 ഗ്രാന്റ് വിനിയോഗം

പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11866965 | 11866965 | 11632092 | 234873 | 98.02 |
| വികസന ഫണ്ട്-SCP | 0 | 2591378 | 2591378 | 2224000 | 367378 | 85.82 |
| വികസന | 0 | 0 | 0 | 0 | 0 | 0 |